**വനിതാ- ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങള്**
(ഹാജർ. V. VIGNESHWARI. IAS)

വിഷയം: വനിതാ- ശിശു വികസന വകുപ്പ് – ജില്ല കളക്ടറേറ്റുകളിൽ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് എന്നിവ സജ്ജീകരിക്കുന്നതിന് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: സ.ഉ (ആർ.റ്റി) നം. 286/2026/WCDD; തീയതി : 18/08/2026

**<u>ഉത്തരവ് നം: DWCD/2199/2025-WEC7; തീയതി: 18-09-2026</u>**

സ്ത്രീകളെ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സ്ത്രീ സൗഹൃദ-സുരക്ഷിത തൊഴിലിടങ്ങൾ ഒരുക്കി നൽകേണ്ടത് അത്യാവശ്യമാണ്. തൊഴിലിടങ്ങൾ, ജനസേവന കേന്ദ്രങ്ങളായ കാര്യാലയങ്ങൾ തുടങ്ങിയവ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഓഫീസ് സമുച്ചയങ്ങൾ കേന്ദ്രീകരിച്ച് ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് സജ്ജീകരിക്കേണ്ടതുണ്ട്. അത്തരത്തിൽ സജ്ജീകരണം ഒരുക്കുന്നത് വഴി പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർക്കും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്കും ഉപയോഗപ്രദമാകുന്നതാണ്.

സംസ്ഥാനത്തെ ജില്ല കളക്ടറേറ്റുകളിൽ Breast feeding space/ feeding pod സജ്ജീകരിക്കുന്നതിനായി യൂണിറ്റ് ഒന്നിന് 2,00,000/- രൂപ നിരക്കിൽ ചുവടെ വിവരിക്കുന്ന ഇനങ്ങൾക്കായി വിനിയോഗിക്കുന്നതിന് പരാമർശം പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

| ക്രമ നം. | ഇനം | ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| 1 | ഫീഡിംഗ് സ്പേസ് സജ്ജീകരണം | 75,000 |
| 2 | സോഫ സെറ്റ് (3 seater) | 35,000 |
| 3 | ഫ്രിഡ്ജ് (single door) | 15,000 |
| 4 | AC | 35,000 |
| 5 | ഫാൻ (Pedestal) | 2,500 |
| 6 | Wooden Teapoy | 8,000 |
| 7 | Wooden Cradle | 12,000 |
| 8 | Wash Basin, mirror, fittings etc. | 10,000 |
| 9 | മറ്റ് ചെലവുകൾ | 7,500 |
| | **ആകെ** | **2,00,000** |

ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് / ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായി കളക്ടറേറ്റിൽ സ്ഥല സൗകര്യമുള്ളതായി തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, മലപ്പുറം, പാലക്കാട് ജില്ല വനിത ശിശു വികസന ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും വിധം ജില്ലകളിലെ കളക്ടറേറ്റുകളിൽ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് / ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായി തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, മലപ്പുറം, പാലക്കാട് ജില്ല വനിത ശിശു വികസന ഓഫീസർമാർക്കായി ആകെ **10,00,000/-** രൂപ (5x2,00,000) (പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2,00,000 |
| 2 | ഇടുക്കി | 2,00,000 |
| 3 | ആലപ്പുഴ | 2,00,000 |
| 4 | മലപ്പുറം | 2,00,000 |
| 5 | പാലക്കാട് | 2,00,000 |
| | **ആകെ** | **10,00,000** |

ഒരു യൂണിറ്റ് ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് / ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായി ഓരോ ഇനങ്ങളിലും അനുവദനീയമായ പരിധിയിൽ നിന്നും ചെലവ് അധികരിക്കാതെ പരമാവധി 2,00,000/- രൂപ വിനിയോഗിച്ച് ജില്ല വനിത ശിശു വികസന ഓഫീസർമാർ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് / ഫീഡിംഗ് പോഡ് പ്രവർത്തന സജ്ജമാക്കി ബന്ധപ്പെട്ട ജില്ല കളക്ടർമാർക്ക് കൈമാറേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായുള്ള പർച്ചെയ്സുകൾ സ്റ്റോർ പർച്ചെയ്സ് മാനുവലിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്.

ഇതിലേയ്ക്ക് ആകെ ആവശ്യമായ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

V. VIGNESHWARI. IAS
**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ,
തിരുവനന്തപുരം/ആലപ്പുഴ/ഇടുക്കി/മലപ്പുറം/പാലക്കാട്
പകർപ്പ് : 1) സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
2) സൂപ്രണ്ട്, പ്ലാനിംഗ് സെൽ
3) ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Digitally signed by Pradeep P
Date: 18-09-2026 13:38:13